"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) ലയിപ്പിച്ച മുൻ അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിൽ (അഹാഡ്സിൽ) ജോലി ചെയ്തിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പതിമൂന്ന് ജീവനക്കാർക്ക് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ. (കൈ) നം. 192/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 22.12.2020

പരാമർശം:- 1. 08.08.12-ലെ സ.ഉ.(കൈ.)നം.216/2012/ത.സ്വ.ഭ.വ.

2. 03.06.2013-ലെ സ.ഉ. (കൈ) നം.59/2013/എഫ്&ഡബ്ല്യൂഎൽഡി

3. 30.10.2014-ലെ സ.ഉ. (കൈ) നം.188/2014/തസ്വഭവ

4. 04.04.2015-ലെ സ.ഉ. (സാധാ) നം.1053/2015/തസ്വഭവ

5. ശ്രീ. ബി.സി. അയ്യപ്പൻ, ശ്രീ.സി.കെ. രവീന്ദ്രൻ തുടങ്ങിയവർ സമർപ്പിച്ച 11.07.2019, 27.07.2019, 05.02.2020 എന്നീ തീയതികളിലെ നിവേദനങ്ങൾ.

6. ശ്രീമതി. ജീന എസ്.കുമാർ മുതൽപേർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നം.7225/2020(സി)-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 10.03.2020-ലെ വിധിന്യായം.

7. കില ഡയറക്ടർ ജനറലിന്റെ 11.07.2018, 17.09.2018, 15.03.2019, 17.06.2019 എന്നീ തീയതികളിലെ കില/2018/101/2444 നമ്പർ കത്തുകൾ.

ഉത്തരവ്

അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിലെ (അഹാഡ്സ്) ഗോത്രവർഗ (ട്രൈബ്സ്) വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ പാലക്കാട് ജില്ലയിലെ ഹോം ഗാർഡ്,

ഫോറസ്റ്റ് ഗാർഡ് എന്നീ വിഭാഗങ്ങളിലുള്ള ഒഴിവുകളിൽ പരമാവധി നിയമിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വനം വന്യജീവി വകുപ്പിന്റെ പരാമർശം (2) ഉത്തരവ് പ്രകാരം വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ തസ്തികയിലേക്ക് അഹാഡ്സിൽ ജോലി ചെയ്തിരുന്ന 91 പട്ടികവർഗ്ഗ (Tribes) വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ നിയമിച്ച് ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ അഹാഡ്സിൽ ജോലി ചെയ്തിരുന്ന 23 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ കൂടി സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിയമിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും പരാമർശം (3) പ്രകാരം 23 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും ടി തീരുമാനം അംഗീകരിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആയത് അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചതിനെ തുടർന്ന് പരാമർശം (3) പ്രകാരമുള്ള ഉത്തരവ് പരാമർശം (4) പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.

2) അഹാഡ്സിലെ മുൻ ജീവനക്കാരായ തങ്ങൾക്ക് പുനർനിയമനം നല്കണമെന്നാവശ്യപ്പെട്ട് മേൽ പരാമർശം (3),(4) എന്നീ ഉത്തരവുകളിൽ ഉൾപ്പെട്ടിരുന്ന ശ്രീ. ബി.സി. അയ്യപ്പൻ, ശ്രീ.സി.കെ. രവീന്ദ്രൻ തുടങ്ങിയവർ സർക്കാരിൽ പരാമർശം (5) പ്രകാരം നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. ഇതിനിടയിൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി.ജീന എസ്. കുമാർ മുതൽ പേർ സമാന ആവശ്യമുന്നയിച്ച് ബഹു. ഹൈക്കോടതിയിൽ WP(C)No.7225/2020 നമ്പരായി കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിന്റെ പരാമർശം (6) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം പ്രകാരം, Exhibit P.10 നിവേദനത്തിലും (പരാതിക്കാരനായ ശ്രീ. സി.കെ.രവീന്ദ്രന്റെ 05.02.2020-ലെ നിവേദനം) Exhibit P.9-ൽ പരാമർശിച്ചിരിക്കുന്ന ഫയലിലും മൂന്നു മാസത്തിനകം തീരുമാനമെടുക്കുവാൻ ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഹാഡ്സിൽ ജോലി ചെയ്തിരുന്ന പട്ടികവർഗ്ഗക്കാരായ 91 ജീവനക്കാർക്ക് വനം വകുപ്പിൽ നിയമനം നൽകിയ സാഹചര്യത്തിലും അപേക്ഷകർ തുല്യമായ പരിഗണന അർഹിക്കുന്ന ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരായതിനാലും ഭൂരിപക്ഷം പേർക്കും സർക്കാർ / സ്വകാര്യ ജോലികൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞതിനാലും ഈ വിഷയം അനുഭാവപൂർവ്വം പരിഗണിക്കേണ്ടതുണ്ട്. പട്ടികജാതിക്കാരായ 23 അപേക്ഷകരിൽ നിലവിൽ തൊഴിൽരഹിതരായി അവശേഷിക്കുന്നത് താഴെ പറയുന്ന 13 (പതിമൂന്ന്) പേർ മാത്രമാണ്. (അവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).

| Sl.No | Name | Date of Birth | Address |
|---|---|---|---|
| 1 | ശ്രീ.രവീന്ദ്രൻ സി.കെ | 17.5.1972 | ചരുവിൽ ഹൗസ്, 4th മൈൽ,<br>കുറവപ്പള്ളി. പി.ഒ., കോട്ടയം - 686 518 |
| 2 | ശ്രീ.മധുസൂദനൻ. കെ.സി | 19.04.1970 | കളംബിൽപടിഞ്ഞാക്കര ഹൗസ്,<br>ചെറുതുരുത്തി. പി.ഒ., തൃശ്ശൂർ 679 531 |
| 3 | ശ്രീമതി.ജീന. എസ്.കുമാർ | 27.5.1980 | പ്ലാവുള്ളത്തിൽ, കട്ടവിനാൽ പി.ഒ<br>വള്ളിക്കുന്നം, ആലപ്പുഴ 690 501 |
| 4 | ശ്രീ.അയ്യപ്പൻ.ബി.സി | 15.3.1968 | ഭീമനാട് ചേരിക്കൽ,<br>ഭീമനാട്. പി.ഒ, ആളനല്ലൂർ (via)<br>പാലക്കാട് 678 601 |
| 5 | ശ്രീ.ചന്ദ്രൻ.കെ | 30.5.1966 | പാലോട് മാടശ്ശേരി ഹൗസ്, AVIP ക്വാർട്ടർ,<br>അഗളി. പി.ഒ., അട്ടപ്പാടി |
| 6 | ശ്രീ.സുനിൽ കുമാർ.കെ.വി | 24.06.1980 | പാലിയാംപറമ്പിൽ ഹൗസ്<br>മുല്ലൂർക്കര പി.ഒ., തൃശ്ശൂർ 680 583 |
| 7 | ശ്രീ.മോഹനൻ.ബി | 20.05.1980 | ഭീമനാട് ചേരിക്കൽ,<br>ഭീമനാട്. പി.ഒ., അലനല്ലൂർ (via)<br>പാലക്കാട്678601 |
| 8 | ശ്രീ.ജയകൃഷ്ണൻ.എ | 22.07.1979 | കരിമ്പന തോട്ടത്തിൽ ഹൗസ്,<br>കല്ലുവഴി പി.ഒ.,<br>തിരുവാഴിയോട് (via),<br>പാലക്കാട് 679 514 |

| | | | |
|---|---|---|---|
| 9 | ശ്രീ.രതീഷ്.ടി.കെ | 01.04.1983 | തനിമലയേൽ ഹൗസ്,<br><br>കരാര പി.ഒ, അഗളി,<br><br>അട്ടപ്പാടി, പാലക്കാട് |
| 10 | ശ്രീ.ദിപിൽ കുമാർ. എസ് | 11.09.1983 | കിഴവള്ളിയിൽ ഹൗസ്, അഗളി പി.ഒ<br><br>അട്ടപ്പാടി, പാലക്കാട് 678 581 |
| 11 | ശ്രീമതി.കവിത.കെ | 20.05.1982 | കൃഷ്ണ നിവാസ്, അഗളി പി.ഒ<br><br>ഗൂളിക്കടവ്, അട്ടപ്പാടി |
| 12 | ശ്രീമതി.സരസ്വതി.ആർ | 30.03.1976 | D/o രംഗസ്വാമി,<br><br>താഴേ സമ്പാർകോട്, അഗളി പി.ഒ<br><br>അട്ടപ്പാടി |
| 13 | ശ്രീ.മണി.എസ്.കെ | 27.05.1974 | S/o കണ്ടൻ, മുണ്ടൂർതൊടി ഹൗസ്,<br><br>ഷോളയൂർ പി.ഒ<br><br>അട്ടപ്പാടി,പാലക്കാട് |

4) മേൽ സാഹചര്യത്തിൽ, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, 56 വയസ്സ് തികയാത്ത സ്റ്റാഫ് കാറ്റഗറിയിൽ അവശേഷിക്കുന്ന മേൽ പട്ടികയിൽ ഉൾപ്പെട്ടവരെ അവരവരുടെ ജില്ലകളിലെ ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് ഓഫീസുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലും, സപ്പോർട്ടിങ് കാറ്റഗറിയിൽ അവശേഷിക്കുന്നവരെ പ്രസ്തുത ഓഫീസുകളിൽ അറ്റന്റന്റ് തസ്തികയിലും നിലവിൽ ഒഴിവുകളുണ്ടെങ്കിൽ അതിലും അല്ലെങ്കിൽ സൂപ്പർ ന്യൂമററി തസ്തികയിലും നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5), ഇപ്രകാരം പരാമർശം (6) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദാ മുരളീധരൻ

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖക്കത്ത് സഹിതം).
ബന്ധപ്പെട്ട വ്യക്തികൾക്ക് .
ജില്ല കളക്ടർ (പാലക്കാട് / തൃശ്ശൂർ / കോട്ടയം/ ആലപ്പുഴ)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം.
നിയമ വകുപ്പ്
ധനകാര്യ (ഡെവലപ്മെന്റ് വിങ്ങ്) വകുപ്പ് (Dev-1/194/2019-Fin dt 03.09.2020 പ്രകാരം)
പൊതുഭരണ (എസ്.സി.) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

അനുബന്ധം

## SC STAFF WORKED IN AHADS, AGALI, ATTAPPADY

| # | NAME | Sex | DESIGNATION IN AHADS | AGE | DOB | ADDRESS | COMMUNITY/CASTE | QUALIFICATION | DATE OF JOINING IN AHADS |
|---|---|---|---|---|---|---|---|---|---|
| 1 | Raveendran.C.K | M | Assistant Director (P&A) | 48 | 5.17.1972 | Charuvil House, 4th Mile, Koovappally P.O., Kottayam Dist.686 518 | Sambava (SC) | Master of Communication and Journalism (MCJ) | 13.07.2007 |
| 2 | Madhusoodanan.K.C | M | Extension Officer (UA Affairs) | 50 | 19.04.1970 | Kulambilpadinjakara House, Cheruthuruthy.P.O. Thrissur 679 531. | Pulaya (SC) | Master of Social Work (MSW) Community Development Specialisation | 01.07.2003 |
| 3 | Jeena S Kumar | F | Hydrologist | 40 | 5.27.1980 | Plavullathil, Kaduvinal P.O., Vallikunnam, Alapuzha Dist. 690501 | Pulayan (SC) | MSc Geology | 10.10.2005 |
| 4 | Ayyappan.B.C | M | Office Assistant | 52 | 3.15.1968 | Beemanad Cherikkal, Beemanad,PO, Alanallur (via) Palakkad Dist. 678601 | Pulayan (SC) | MA Sociology | 07.08.2000 |
| 5 | Chandran.K. | M | Typist | 54 | 5.30.1966 | Palode Madassery House, AVIP Quarter, Agali.P.O., Attappady | Kanakkan(SC) | SSLC, Typewriting and Word processing English Higher, Typewriting English High Speed, Typewriting Malayalam | 15.03.2006 |
| 6 | Sunilkumar.K.V | M | Technical Consultant | 40 | 24.06.1980 | Paliyamparambil House, Mulurkkara.P.O., Thrissur Dist. 680583 | Sambava (SC) | Diploma in Civil Engineering | 01.08.2008 |
| 7 | Mohanan.B | M | Junior Consultant | 40 | 20.05.1980 | Beemanad cherikkal, Beemanad,PO,Alaneloore via Palakkad Dist. 678601 | Parayan (SC) | ITI Civil Engineering | 31.03.2008 |
| 8 | Jayakrishnan.A | M | Junior Consultant | 41 | 22.07.1979 | Karimbanathottathil House, Kalluvazhi P.O., Thiruvazhiyode Via, Palakkad Dist. 679514 | Mannan(SC) | ITI Civil Engineering | 22.09.2005 |
| 9 | Ratheesh.T.K | M | Technical Assistant | 37 | 01.04.1983 | Thanimalael House,Karara PO,Agali, Attappady, Palakkad Dist. | Pulaya (SC) | VHSC Agriculture | 23.03.2004 |
| 10 | Dipilkumar.S | M | Technical Assistant | 37 | 11.09.1983 | Kizhavalliyil House, Agali P.O., Attappady, Palakkad Dist. 678 581 | Pulaya (SC) | DCA in Computer | 27.07.2007 |
| 11 | Kavitha.K | F | Senior Technical Assistant | 38 | 20.05.1982 | Krishna Nivas, Agali PO,Goolikadavu, Attappady. | Mannan(SC) | VHSC Agriculture | 19.04.2004 |
| 12 | Saraswathi.R | F | Technical Assistant | 44 | 30.03.1976 | D/o Rangaswamy, Thazhesambarkode, Agali PO,Attappady | Chakliya (SC) | Typewriting | 25.02.2006 |
| 13 | Mani.S.K | M | Technical Assistant | 46 | 27.05.1974 | S/o Kandan, Mundoorthodi House, Sholayur P.O., Attappady, Palakkad Dist. | Kanakkan (SC) | SSLC | 25.02.2006 |

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-11-2020

ഫയൽ നം. തസ്വഭവ-ഐബി2/241/2018-തസ്വഭവ. ഇനം നം: 4364

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - മുൻ അഹാഡ്സിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് പുനർനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

24/11/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

25/11

395

4364

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രി സഭ)**

**മന്ത്രിസഭായോഗത്തിനുളള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നം. | തസ്വഭവ-ഐബി2/241/2018-തസ്വഭവ |
| 2 | വകുപ്പ് | തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ് |
| 3 | വിഷയം | മുൻ അഹാഡ്സിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് പുനർനിയമനം നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി: | 05.10.2020 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ. |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | നിയമവകുപ്പ്<br>നിയമവകുപ്പ് മന്ത്രിയുടെ അഭിപ്രായം |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | യു.വി. ജോസ് |
| 8 | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശാരദാ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 30.10.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.11.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | എ.സി. മൊയ്തീൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17.11.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20.11.2020 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മുൻപ് നിലവിലുണ്ടായിരുന്നതും നിലവിൽ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലേക്ക് (കില) ലയിപ്പിച്ചതുമായ അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിൽ (അഹാഡ്സിൽ) ജോലി ചെയ്തിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ പുനർനിയമനം നല്കണമെന്നതു സംബന്ധിച്ച് ശ്രീ ബി.സി. അയ്യപ്പൻ, ശ്രീ.സി.കെ. രവീന്ദ്രൻ തുടങ്ങിയവർ സമർപ്പിച്ച നിവേദനങ്ങളുടെ തുടർനടപടികളുടെ ഭാഗമായി പ്രസ്തുത മുൻജീവനക്കാർക്ക് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിലവിലുള്ളതോ / സൂപ്പർന്യൂമററി ഒഴിവുകളിലോ മന്ത്രിസഭാ തീരുമാനത്തിനു വിധേയമായി നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) അഹാഡ്സിലെ ഗോത്രവർഗ (ട്രൈബ്സ്) വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ പാലക്കാട് ജില്ലയിലെ ഹോം ഗാർഡ്, ഫോറസ്റ്റ് ഗാർഡ് എന്നീ വിഭാഗങ്ങളിലുള്ള ഒഴിവുകളിൽ പരമാവധി നിയമിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി 08.08.12-ലെ സ.ഉ.(കൈ.)നം.216/2012/ത.സ്വ.ഭ.വ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്നു വനം വന്യജീവി (എഫ്) വകുപ്പിന്റെ 03.06.2013-ലെ G.O. (Ms)No.59/2013/F&WLD ഉത്തരവ് പ്രകാരം വനം വകുപ്പിൽ ഫോറസ്ററ് വാച്ചർ തസ്തികയിലേക്ക് അഹാഡ്സിൽ ജോലി ചെയ്തിരുന്ന 91 പട്ടികവർഗ്ഗ (Tribes) വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ നിയമിച്ച് ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ അഹാഡ്സിൽ ജോലി ചെയ്തിരുന്ന 23 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ കൂടി സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിയമിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും 8/10/2014-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ (ഇനം നം.5846) അടിസ്ഥാനത്തിൽ 30/10/2014-ലെ സ.ഉ.(കൈ.)നം.188/2014/ത.സ്വ.ഭ.വ. പ്രകാരം 23 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും ടി തീരുമാനം അംഗീകരിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആയത് അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയും തുടർന്ന് അഹാഡ്സിൽ ജോലി ചെയ്തിരുന്ന 23 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ കൂടി സർക്കാരിന്റെ വിവിധ വകുപ്പുകളിൽ

നിയമിക്കണമെന്ന ആവശ്യം 04.04.15-ലെ സ.ഉ.(സാധാ.)നം.1053/2015/ത.സ്വ.ഭ.വ. പ്രകാരം നിരസിക്കുകയും ചെയ്തിരുന്നു.

3) പ്രസ്തുത നിവേദനം പരിശോധിക്കുന്നതിനിടയിൽ മുൻ അഹാഡ്സിൽ ജോലി ചെയ്തിരുന്ന ശ്രീമതി.ജീന എസ്. കുമാർ മുതൽ . പേർ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ തങ്ങൾക്ക് പുനർനിയമനം നല്കണമെന്ന ആവശ്യവുമായി ബഹു. ഹൈക്കോടതിയിൽ WP(C)No.7225/2020 നമ്പരായി കേസ് ഫയൽ ചെയ്തു. 10.03.2020-ലെ വിധിന്യായം പ്രകാരം, Exhibit P.10 നിവേദനത്തിലും (പരാതിക്കാരനായ ശ്രീ. സി.കെ.രവീന്ദ്രന്റെ 05.02.2020-ലെ നിവേദനം) Exhibit P.9-ൽ (09.01.2019-ലെ ഐ.ബി.2/538/2018-തസ്വഭവ നമ്പർ സർക്കാർ കത്ത്) പരാമർശിച്ചിരിക്കുന്ന ഫയലിലും (ഐ.ബി.2/241/2018-തസ്വഭവ ഫയൽ) മൂന്നു മാസത്തിനകം തീരുമാനമെടുക്കുവാനും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിന്യായം സർക്കാരിൽ ലഭിച്ചത് 18.05.2020-ലാണ്. ഈ ഫയലിലെ നടപടി കാലതാമസം കൂടാതെ പൂർത്തിയാക്കി അഹാഡ്സിൽ ജോലി ചെയ്തിരുന്ന പ്രസ്തുത പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്തണമെന്നതാണ് Exhibit P.10-ലെ ആവശ്യം. ഉത്തരവിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

" ................Therefore the writ petition is disposed of directing the 1st respondent to consider and pass orders on Ext. P.10 representation and to take a decision on the file mentioned in Ext. P9 as expeditiously as possible and at any rate within a period of 'three months' from the date of receipt of a copy of the judgement."

4) ജപ്പാന്റെ സാമ്പത്തിക സഹായത്തോടെ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നടപ്പിലാക്കിയ പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയിരുന്നു അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി - അഹാഡ്സ് (AHADS). ജപ്പാന്റെ സാമ്പത്തിക സഹായം 2010 മാർച്ച് 26-ന് അവസാനിച്ചിരുന്നുവെങ്കിലും ഏറ്റെടുത്ത പല പ്രവൃത്തികളും പൂർത്തിയാക്കുന്നതിനു വേണ്ടി അഹാഡ്സിന്റെ കാലാവധി 31/03/2012 വരെ ദീർഘിപ്പിച്ചിരുന്നു. വിവിധ സർക്കാർ വകുപ്പുകളിലെ സ്ഥിരം തസ്തികകളിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം മറികടന്നുകൊണ്ട് 8

വർഷത്തിനു ശേഷം അഹാഡ്സിൽ ജോലി ചെയ്തിരുന്ന 23 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് സ്ഥിര നിയമനം നല്കുന്നത് സംബന്ധിച്ച് ഫയൽ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി.

5) ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി താഴെപ്പറയുന്ന അഭിപ്രായം സഹിതം വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ബഹു. നിയമ-പട്ടികജാതി വികസന വകുപ്പ്, ധനകാര്യ വകുപ്പ് മന്ത്രിമാരുടെ അഭിപ്രായത്തിനായി നൽകുകയുണ്ടായി.

'അഹാഡ്സിൽ ജോലി ചെയ്തിരുന്ന പട്ടികവർഗ്ഗക്കാരായ 91 ജീവനക്കാർക്ക് വനം വകുപ്പിൽ നിയമനം നൽകിയ സാഹചര്യത്തിലും, തുല്യമായ പരിഗണന അർഹിക്കുന്ന ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരാണ് അപേക്ഷകർ എന്നതിനാലും, അവരിൽ ഭൂരിപക്ഷം പേർക്കും സർക്കാർ സ്വകാര്യ ജോലികൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞതിനാലും ഈ വിഷയം അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണെന്ന് കാണുന്നുവെന്നും കില ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പട്ടികജാതിക്കാരായ മേൽ 23 അപേക്ഷകരിൽ നിലവിൽ തൊഴിൽരഹിതരായി അവശേഷിക്കുന്നത് 15 പേർ മാത്രമാണെന്നും, വിവിധ വകുപ്പുകളിൽ പട്ടികജാതി വിഭാഗക്കാർക്കായി നീക്കിവെച്ചിട്ടുള്ളതും, പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതുമായ ഒഴിവുകളിൽ ഇവരെ നിയമിക്കുകയോ, ഇവരിൽ ഭൂരിപക്ഷം പേർക്കും വളരെക്കുറച്ച് വർഷം മാത്രമേ സർവ്വീസ് ലഭിക്കുകയുള്ളൂ എന്നതിനാൽ യോഗ്യതയ്ക്കനുസരിച്ച് ആവശ്യമായ എണ്ണം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിക്കുകയോ ചെയ്യുന്ന വിഷയം സംബന്ധിച്ച് നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം സഹിതം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് ഉചിതമാവുമെന്നുമെന്നുമായിരുന്നു' ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഭിപ്രായം.

6) ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഭിപ്രായം "പരിഗണന അർഹിക്കുന്നതാണെന്ന്" ബഹു. നിയമ-പട്ടികജാതി വികസന വകുപ്പ് മന്ത്രി അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയുന്ന പ്രകാരം അഭിപ്രായം അറിയിക്കുകയും ചെയ്തു.

അഹാഡ്സ് പ്രവർത്തനം അവസാനിപ്പിച്ച സമയത്ത് അന്നുണ്ടായിരുന്ന 91 പട്ടികവർഗ്ഗ വിഭാഗക്കാരെ പാലക്കാട് ജില്ലയിൽ ഫോറസ്റ്റ് വാച്ചർ തസ്തികയിൽ നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ, 23 പട്ടികജാതി വിഭാഗക്കാരെ (8 പേർ സ്റ്റാഫ് കാറ്റഗറി 15 പേർ സപ്പോർട്ടിങ് കാറ്റഗറി) ആദ്യം സർക്കാർ വകുപ്പുകളിൽ നിയമിക്കാൻ മന്ത്രിസഭ തീരുമാനിച്ചുവെങ്കിലും പി.എസ്.സി.-യുടെ എതിർപ്പിനെ തുടർന്ന് ഇവരുടെ അപേക്ഷകൾ തള്ളിക്കളഞ്ഞു. നിലവിൽ 2020 മാർച്ച് 10-ലെ ഹൈക്കോടതി വിധി അനുസരിച്ച് മൂന്ന് മാസത്തിനുള്ളിൽ ഇവരുടെ കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണ്. ഇപ്പോൾ 13 പേർ മാത്രമേ ഈ വിഭാഗത്തിൽ അവശേഷിക്കുന്നുള്ളൂ. ഇവരിൽ ഭൂരിഭാഗം പേരും ഇനിയും മറ്റു ജോലികൾ ലഭിക്കാത്തവരും പുതിയ ജോലിയിൽ പ്രവേശിക്കാൻ പ്രായപരിധി കഴിഞ്ഞവരുമായതിനാൽ മാനുഷിക പരിഗണനയിൽ 56 വയസ്സ് തികയാത്ത സ്റ്റാഫ് കാറ്റഗറിയിൽ അവശേഷിക്കുന്നവരെ അവരവരുടെ ജില്ലകളിലെ ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് ഓഫീസുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലും, സപ്പോർട്ടിങ് കാറ്റഗറിയിൽ അവശേഷിക്കുന്നവരെ പ്രസ്തുത ഓഫീസുകളിൽ അറ്റന്റന്റ് തസ്തികയിലും നിലവിൽ ഒഴിവുകളുണ്ടെങ്കിൽ അതിലും അല്ലെങ്കിൽ സൂപ്പർ ന്യൂമററി തസ്തികയിലും മന്ത്രിസഭാ തീരുമാനത്തിനു വിധേയമായി നിയമിക്കാവുന്നതാണ്.

7) ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായസഹിതം മുൻ അഹാഡ്സിലെ ജീവനക്കാരായിരുന്ന 13 പേർക്ക് (ടി ജീവനക്കാരുടെ പേര്, തസ്തിക, തുടങ്ങിയ വിവരങ്ങൾ ഉള്ളടക്കം ചെയ്ത അനുബന്ധത്തിൽ ചേർത്തിരിക്കുന്നു) മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഇവരിൽ 56 വയസ്സ് തികയാത്ത സ്റ്റാഫ് കാറ്റഗറിയിൽ അവശേഷിക്കുന്നവരെ അവരവരുടെ ജില്ലകളിലെ ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് ഓഫീസുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലും, സപ്പോർട്ടിങ് കാറ്റഗറിയിൽ അവശേഷിക്കുന്നവരെ പ്രസ്തുത ഓഫീസുകളിൽ അറ്റന്റന്റ് തസ്തികയിലും നിലവിൽ ഒഴിവുകളുണ്ടെങ്കിൽ അതിലും അല്ലെങ്കിൽ സൂപ്പർ ന്യൂമററി തസ്തികയിലും മന്ത്രിസഭാ തീരുമാനത്തിനു വിധേയമായി നിയമിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

അഹാഡ്സ് പ്രവർത്തനം അവസാനിപ്പിച്ച സമയത്ത് അന്നുണ്ടായിരുന്ന 23 പട്ടികജാതി വിഭാഗക്കാരിൽ (8 പേർ സ്റ്റാഫ് കാറ്റഗറി 15 പേർ സപ്പോർട്ടിങ് കാറ്റഗറി) നിലവിൽ അവശേഷിക്കുന്ന 13 പേർക്ക് (ടി ജീവനക്കാരുടെ പേര്, തസ്തിക, തുടങ്ങിയ വിവരങ്ങൾ ഉള്ളടക്കം ചെയ്ത അനുബന്ധത്തിൽ ചേർത്തിരിക്കുന്നു) നിയമനം നൽകുന്നതു സംബന്ധിച്ച് WP(C)No.7225/2020 കേസിൽ 2020 മാർച്ച് 10-ലെ ഹൈക്കോടതി വിധി അനുസരിച്ച് അടിയന്തിരമായി തീരുമാനമെടുക്കേണ്ട സാഹചര്യത്തിൽ ഇവരിൽ ഭൂരിഭാഗം പേരും ഇനിയും മറ്റു ജോലികൾ ലഭിക്കാത്തവരും പുതിയ ജോലിയിൽ പ്രവേശിക്കാൻ പ്രായപരിധി കഴിഞ്ഞവരുമായതിനാൽ മാനുഷിക പരിഗണനയിൽ 56 വയസ്സ് തികയാത്ത സ്റ്റാഫ് കാറ്റഗറിയിൽ അവശേഷിക്കുന്നവരെ അവരവരുടെ ജില്ലകളിലെ ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് ഓഫീസുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലും, സപ്പോർട്ടിങ് കാറ്റഗറിയിൽ അവശേഷിക്കുന്നവരെ പ്രസ്തുത ഓഫീസുകളിൽ അറ്റന്റന്റ് തസ്തികയിലും നിലവിൽ ഒഴിവുകളുണ്ടെങ്കിൽ അതിലും അല്ലെങ്കിൽ സൂപ്പർ ന്യൂമററി തസ്തികയിലും മന്ത്രിസഭാ തീരുമാനത്തിനു വിധേയമായി നിയമനം നൽകാമോ ?

ANNEXURE

## SC STAFF WORKED IN AHADS, AGALI, ATTAPPADY

| # | NAME | Sex | DESIGNATION IN AHADS | AGE | DOB | ADDRESS | COMMUNITY/CASTE | QUALIFICATION | DATE OF JOINING IN AHADS |
|---|---|---|---|---|---|---|---|---|---|
| 1 | Raveendran.C.K | M | Assistant Director (P&A) | 48 | 5.17.1972 | Charuvil House, 4th Mile, Koovappally P.O., Kottayam Dist.686 518 | Sambava (SC) | Master of Communication and Journalism (MCJ) | 13.07.2007 |
| 2 | Madhusoodanan.K.C | M | Extension Officer (UA Affairs) | 50 | 19.04.1970 | Kulambilpadinjakara House, Cheruthuruthy.P.O. Thrissur 679 531. | Pulaya (SC) | Master of Social Work (MSW) Community Development Specialisation | 01.07.2003 |
| 3 | Jeena S Kumar | F | Hydrologist | 40 | 5.27.1980 | Plavullathil, Kaduvinal P.O., Vallikunnam, Alapuzha Dist. 690501 | Pulayan (SC) | MSc Geology | 10.10.2005 |
| 4 | Ayyappan.B.C | M | Office Assistant | 52 | 3.15.1968 | Beemanad Cherikkal, Beemanad,PO, Alanallur (via) Palakkad Dist. 678601 | Pulayan (SC) | MA Sociology | 07.08.2000 |
| 5 | Chandran.K. | M | Typist | 54 | 5.30.1966 | Palode Madassery House, AVIP Quarter, Agali.P.O., Attappady | Kanakkan(SC) | SSLC, Typewriting and Word processing English Higher, Typewriting English High Speed, Typewriting Malayalam | 15.03.2006 |
| 6 | Sunilkumar.K.V | M | Technical Consultant | 40 | 24.06.1980 | Paliyamparambil House, Mulurkkara.P.O., Thrissur Dist. 680583 | Sambava (SC) | Diploma in Civil Engineering | 01.08.2008 |
| 7 | Mohanan.B | M | Junior Consultant | 40 | 20.05.1980 | Beemanad cherikkal, Beemanad,PO,Alaneloore via Palakkad Dist. 678601 | Parayan (SC) | ITI Civil Engineering | 31.03.2008 |
| 8 | Jayakrishnan.A | M | Junior Consultant | 41 | 22.07.1979 | Karimbanathottathil House, Kalluvazhi P.O., Thiruvazhiyode Via, Palakkad Dist. 679514 | Mannan(SC) | ITI Civil Engineering | 22.09.2005 |
| 9 | Ratheesh.T.K | M | Technical Assistant | 37 | 01.04.1983 | Thanimalael House,Karara PO,Agali, Attappady, Palakkad Dist. | Pulaya (SC) | VHSC Agriculture | 23.03.2004 |
| 10 | Dipilkumar.S | M | Technical Assistant | 37 | 11.09.1983 | Kizhavalliyil House, Agali P.O., Attappady, Palakkad Dist. 678 581 | Pulaya (SC) | DCA in Computer | 27.07.2007 |
| 11 | Kavitha.K | F | Senior Technical Assistant | 38 | 20.05.1982 | Krishna Nivas, Agali PO,Goolikadavu, Attappady. | Mannan(SC) | VHSC Agriculture | 19.04.2004 |
| 12 | Saraswathi.R | F | Technical Assistant | 44 | 30.03.1976 | D/o Rangaswamy, Thazhesambarkode, Agali PO,Attappady | Chakliya (SC) | Typewriting | 25.02.2006 |
| 13 | Mani.S.K | M | Technical Assistant | 46 | 27.05.1974 | S/o Kandan, Mundoorthodi House, Sholayur P.O., Attappady, Palakkad Dist. | Kanakkan (SC) | SSLC | 25.02.2006 |